പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2462      19-06-2013- ൽ മറുപടിയ്ക്ക്

നബാർഡ് ആർ.ഐ.ഡി.എഫ്.സ്കീം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നബാർഡിന്റെ ആർ.ഐ.ഡി.എഫ് XVII സ്കീമിൽ ഉൾപ്പെടുത്തി ജലവിഭവ വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയ പദ്ധതികളുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും ; | (എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ 4 പ്രവൃത്തികൾ ആർ.ഐ.ഡി.എഫ്.17 - ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 3 പ്രവൃത്തികൾ പല പ്രാവശ്യം ടെൻഡർ ചെയ്തിരുന്നുവെങ്കിലും ആരും പ്രവൃത്തികൾ ഏറ്റെടുക്കാൻ തയ്യാറായില്ല. 2012 ഒക്ടോബർ മാസം പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് നിലവിൽ വന്നതിനാൽ എസ്റ്റിമേറ്റുകൾ പുതുക്കിയ നിരക്കിൽ ആർ.ഐ.ഡി.എഫ് 17 - ൽ തന്നെ അനുമതിക്കു വേണ്ടി അയച്ചിരുന്നുവെങ്കിലും അനുമതി ലഭിച്ചില്ല. പിന്നീട് നബാർഡിന്റെ നിർദ്ദേശ പ്രകാരം ഇതേ പ്രവൃത്തികൾ ആർ.ഐ.ഡി.എഫ്.19ൽ ഉൾപ്പെടുത്തുന്നതിനായി സർക്കാർ പരിശോധിച്ചുവരുന്നു. ഭരണാനുമതി നൽകിയതിനുശേഷം മാത്രമേ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. |
| (ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ നിന്നും നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിലേക്ക് പുതുതായി സമർപ്പിച്ച പ്രൊപ്പോസൽ ഏതൊക്കെയാണ്; വിശദാംശം നൽകുമോ ? | (ബി) പുതുതായി സമർപ്പിച്ച ലിസ്റ്റിലുള്ള പ്രൊപ്പോസലുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | നബാർഡ് ആർ.ഐ.ഡി.എഫ് 19 - കണ്ണപുരം പഞ്ചായത്തിലെ കയ്യാറ്റിയിൽമുക്കോലയിൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണം. | 36 ലക്ഷം രൂപ |
| 2 | നബാർഡ് ആർ.ഐ.ഡി.എഫ് 19 - ചെറുകുന്ന് പഞ്ചായത്തിൽ ഗവ.ആയുർവ്വേദ ആശുപത്രിക്ക് സമീപം റി.സർവ്വേ നം.122-ൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണം | 47 ലക്ഷം രൂപ |
| 3 | നബാർഡ് ആർ.ഐ.ഡി.എഫ് 19 - കണ്ണപുരം പഞ്ചായത്തിൽ അയ്യോത്ത് ആയിരം തെങ്ങ് പുത്തരിത്തോൽ തോടിന് കുറുകെ ഉപ്പു വെള്ള പ്രതിരോധ ബണ്ട് നിർമ്മാണം. | 40 ലക്ഷം രൂപ |
| 4 | നബാർഡ് ആർ.ഐ.ഡി.എഫ് 19 - ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽകാപ്പ്റഗുലേറ്ററിന്റെ പുനരുദ്ധാരണം | 77 ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ